പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :6673

04.04.2018-ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികൾക്കായി വ്യവസായ സംരംഭകത്വ ക്ലബ്ബുകൾ

*ചോദ്യം*

ശ്രീ.ഹൈബി ഈഡൻ
ശ്രീ.അൻവർ സാദത്ത്
ശ്രീ. അടൂർ പ്രകാശ്
ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ

*ഉത്തരം*

പ്രൊഫ.സി.രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കായി വ്യവസായ സംരംഭകത്വ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ), (ബി) & (സി) | എ.പി.ജെ.അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ സംരംഭകത്വ പ്രോത്സാഹനത്തിനായി പ്രത്യേക സ്റ്റാർട്ട് അപ്പ് നയം തന്നെ സാങ്കേതിക സർവ്വകലാശാല പുറത്തിറക്കിയിട്ടുണ്ട്. ഈ മേഖലയിലെ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായി സർക്കാർ സഹായത്തോടെ തിരഞ്ഞെടുത്ത 20 കോളേജുകളിൽ ഫാബ് ലാബ് സ്ഥാപിച്ചു. കൂടാതെ കേരള സ്റ്റാർട്ട് അപ്പ് മിഷനുമായും, അസാപുമായും സഹകരിച്ചു കൊണ്ട് സർവ്വകലാശാല ശേഷി വികസനത്തിനായി വിവിധ |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പാക്കി വരുന്നതെന്നും ഇവയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വിവരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | പദ്ധതികൾ വിഭാവനം ചെയ്തു വരുന്നു. അതാതു കോളേജുകളിൽ പരിശീലനം ലഭിച്ച അദ്ധ്യാപകർ തന്നെയാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. ആവശ്യാനുസരണം കോളേജുകൾക്ക് പുറത്തു നിന്നുള്ള വിദഗ്ദരെയും നിയോഗിക്കുവാൻ കഴിയും. സംരംഭകത്വ പ്രവർത്തനത്തിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം അവധി അനുവദിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ